9. ബന്ധപ്പെട്ട ഓരോ ജലസേചനപദ്ധതിയുടേയും ചീഫ് എൻജിനീയർ (ചീഫ് എൻജിനീയർ ഇല്ലാത്തപക്ഷം പദ്ധതിയുടെ ചുമതല വഹിക്കുന്ന സൂപ്രണ്ടിംഗ് എൻജിനീയർ)

10. സഹകരണസംഘം രജിസ്ട്രാർ

11. സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന കേരള കാർഷിക സർവകലാശാലയുടെ ഒരു പ്രതിനിധി.

12. കമാൻഡ് ഏരിയ സ്ഥിതി ചെയ്യുന്ന റവന്യൂ ജില്ലകളിലെ കളക്ടർമാർ.

13. ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഡയറക്ടർ.

14. കോഴിക്കോട് വാട്ടർ റിസോഴ്സസ് ഡവലപ്മെന്റ് ആന്റ് മാനേജ്മെന്റ് സെന്ററിലെ എക്സിക്യൂട്ടീവ് ഡയറക്ടർ.

15. ഗ്രൗണ്ട്വാട്ടർ ഡിപ്പാർട്ടുമെന്റിന്റെ ഡയറക്ടർ.

മേൽ പറഞ്ഞിരിക്കുന്ന അംഗങ്ങളിൽ ഔദ്യോഗിക അംഗങ്ങൾ സ്ഥിരാംഗങ്ങളാണ്. എന്നാൽ സർക്കാർ നാമനിർദ്ദേശം ചെയ്യപ്പെടുന്ന അനൗദ്യോഗിക അംഗങ്ങളുടെ കാലാവധി നാമനിർദ്ദേശം ചെയ്യപ്പെട്ട തീയതി മുതൽ മൂന്ന് വർഷത്തേയ്ക്കാണ്. നാമനിർദ്ദേശം ചെയ്യപ്പെടുന്ന നിയമ സഭാംഗത്തിന്റെ കാലാവധി അദ്ദേഹത്തിന്റെ നിയമസഭാംഗത്വം അവസാനിക്കുന്നത് വരെയായിരിക്കും. ഒരംഗത്തിന്റെ യാദൃശ്ചിക ഒഴിവിൽ നാമനിർദ്ദേശം ചെയ്യപ്പെടുന്ന ആളിന്റെ കാലാവധി ആ ആളെ ഏതംഗത്തിന്റെ ഒഴിവിലേയ്ക്കാണോ നാമനിർദ്ദേശം ചെയ്തത് ആ അംഗത്തിന്റെ ശേഷിച്ച കാലയളവ് ആയിരിക്കുന്നതാണ്. ഇപ്പോൾ സർവ്വശ്രീ. കിട്ടു, എൻ. ശ്രീകുമാരൻ നായർ എന്നിവർ മാത്രമാണ് അനൗദ്യോഗിക അംഗങ്ങളായി കമ്മിറ്റിയിൽ ഉള്ളത്. ഇവരുടെ കാലാവധി 12-02-2000-ൽ അവസാനിക്കുന്നതാണ്.

കൊടുങ്ങല്ലൂരിലെ ജല വിതരണ പദ്ധതികൾ

71 (1982) പ്രൊഫസർ മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുങ്ങല്ലൂരിൽ ഏതെല്ലാം ശുദ്ധജലവിതരണ പദ്ധതികൾ ആണ് ആവിഷ്ക്കരിച്ചിട്ടുള്ളത് ;

(ബി) ഈ പദ്ധതികൾ നടപ്പിലാക്കാൻ സഹായകമായ വിധത്തിൽ വാട്ടർ അതോറിറ്റിയുടെ ഒരു സബ് ഡിവിഷൻ ഓഫീസ് ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിനാവശ്യമായ ഉത്തരവ് ഉണ്ടാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കൊടുങ്ങല്ലൂരിൽ ഉൾപ്പെടുന്ന വില്ലേജുകൾക്കുവേണ്ടി താഴെപ്പറയുന്ന പദ്ധതികളുടെ വിശദ എൻജിനീയറിംഗ് റിപ്പോർട്ട് ഐ. പി. ഡി. വിഭാഗം തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്.

1. എറിയാട് സെൻസസ് ടൗണിനുവേണ്ടി എൽ.ഐ.സി. യുടെ ധന സഹായത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ശുദ്ധജലവിതരണ പദ്ധതി.

2. മേത്തല സെൻസസ് ടൗണിനു വേണ്ടി എൽ.ഐ.സി. യുടെ ധന സഹായത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ശുദ്ധജല വിതരണ പദ്ധതി.

3. കേന്ദ്ര ഗവൺമെന്റിന്റെ 'ടെക്നോളജി മിഷൻ' ധനസഹായത്തോടെ ആഴിക്കോട് എടവിലങ്ങ് എന്നീ വില്ലേജുകൾക്കുവേണ്ടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ശുദ്ധജലവിതരണ പദ്ധതി.

(ബി) നാട്ടിക സബ്ഡിവിഷന്റെ കീഴിലുള്ള വാടാനപ്പള്ളി സബ്ഡിവിഷൻ ഓഫീസ് കൊടുങ്ങല്ലൂരിലേക്കു മാറ്റുന്നതിനുള്ള ചീഫ് എൻജിനീയറുടെ ഒരു പ്രൊപ്പോസൽ മാനേജിംഗ് ഡയറക്ടറുടെ ഓഫീസിൽ ലഭിച്ചിട്ടുണ്ട്. സെൻട്രൽ റീജിയന്റെ അധികാര പരിധി തീരുമാനമായാൽ ഇക്കാര്യം പരിഗണിക്കുന്നതാണ്.

വാട്ടർ ഡിപ്പാർട്ട്മെന്റ് ബോർഡ് രൂപീകരണം

72 (1983) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു നദികളുടെ സംരക്ഷണം മുൻനിർത്തി വാട്ടർ ഡിപ്പാർട്ട്മെന്റ് ബോർഡ് രൂപീകരിക്കുന്നതിന് പദ്ധതി ഇട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ&ബി) വാട്ടർ ഡിപ്പാർട്ടുമെന്റ് ബോർഡ് രൂപീകരിക്കുന്നതിന് പദ്ധതിയില്ല.

ഹൈലെവൽ ടെൻഡർ കമ്മിറ്റി

73 (1984) ശ്രീ. ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ തലത്തിലുള്ള ഹൈലെവൽ ടെൻഡർ കമ്മിറ്റി എന്നാണ് രൂപീകൃതമായതെന്നും അത് ഇപ്പോൾ നിലവിലുണ്ടോ എന്നും വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly